**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **306** **07.08.2017-** ൽ മറുപടിയ്ക്ക്

**വയോമിത്രം പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ.കെ.യു.അരുണൻ**<br>**ശ്രീ.ജോർജ്ജ് എം.തോമസ്**<br>**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**<br>**ശ്രീ.പി.ഉണ്ണി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വൃദ്ധ ജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എല്ലാ നഗരസഭകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം.' സംസ്ഥാനത്തെ 66 മുനിസിപ്പൽ നഗരസഭകളിലും 6 കോർപ്പറേഷനുകളിലും നടപ്പാക്കി വരുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇവർക്കായി വയോ-അമൃതം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വയോ-അമൃതം പദ്ധതി സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്കായി ആരംഭിച്ചിട്ടുള്ള ആയുർവേദ ചികിത്സാ പദ്ധതിയാണ്. കേരളത്തിലെ 16 സർക്കാർ വൃദ്ധ സദനങ്ങളിലാണ് ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഭാരതീയ ചികിത്സാ വകുപ്പ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വയോ-അമൃതം പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | വയോജനങ്ങൾക്കായി നടപ്പ വർഷം ഒരു ജില്ലയിൽ ഒരു വീട് വീതം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വയോജനങ്ങൾക്കായി നടപ്പ് വർഷം ഒരു ജില്ലയിൽ ഒരു വീട് വീതം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിവരുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകി സായം പ്രഭ ഹോമുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന 70 പകൽ വീടുകളാണ് സായം പ്രഭ ഹോമുകളായി ഉയർത്തുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി 1,96,00,000/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.